**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 955** **09-10-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | മനുഷ്യ വന്യജീവി സംഘർഷങ്ങൾക്ക് ഒരു പരിധിവരെ കാരണമാകുന്ന വനങ്ങളിലെ അധിനിവേശ സസ്യങ്ങളും, ദോഷകരമായ വൃക്ഷങ്ങളും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ; | (എ) | സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച് സർക്കാർ ഉത്തരവ് (കൈ) നം.29/2021/വനം, തീയതി 17/12/2021 പ്രകാരം നയരേഖ അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കേരള വനം വകുപ്പിന്റെ അധീനതയിലുള്ള ശുഷ്കമായതും നാശോന്മുഖമായതു-മായ വനപ്രദേശങ്ങളിൽ പാരിസ്ഥിതിക പുനഃസ്ഥാ-പനം ഉറപ്പ് വരുത്തുന്നതിന് മേൽ നയരേഖ ലക്ഷ്യമിടുന്നു. പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും കാലികപ്രാധാന്യം നഷ്ടപ്പെട്ടതു-മായ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കിലി-ഫോർമിസ്, അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വിദേശ-യിനം ഏകവിള തോട്ടങ്ങളും പരാജിത തേക്ക് തോട്ടങ്ങളും, സെന്ന പോലുള്ള അധിനിവേശ സസ്യങ്ങളും ഘട്ടംഘട്ടമായി നീക്കം ചെയ്ത് തദ്ദേശീയ ഇനത്തിൽപ്പെട്ട മരങ്ങളും ഫലവൃക്ഷങ്ങളും നട്ടു പിടിപ്പി-ക്കുകയും അപ്രകാരം വനങ്ങളുടെ സ്വാഭാവികത പുനഃസ്ഥാപിക്കുക വഴി മനുഷ്യ-വന്യജീവി സംഘർഷം ഒരു പരിധിവരെ ലഘൂകരിക്കാനാവുമെന്ന് കരുതുന്നു. ഇതിന്റെ ഭാഗമായി 2024 ജൂൺ വരെ 1346.54 ഹെക്ടർ പ്രദേശത്ത് പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും 5585.57 ഹെക്ടർ പ്രദേശത്ത് പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ പുരോഗമിച്ച് വരുന്നതും കൂടാതെ 1555.70 ഹെക്ടർ സ്ഥലത്ത് പുതുതായി പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ നടത്തുവാനും വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാകാമോ ; ഇത് ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ? | (ബി) | കാസർഗോഡ് ജില്ലയിൽ മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് വിവിധ കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യമുള്ള ജനവാസ മേഖലയോട് ചേർന്ന് സൗരോർജ്ജ വേലി, ട്രഞ്ച്, ജൈവ വേലികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. വനസംരക്ഷണ |

| | | | |
|---|---|---|---|
| | | | സമിതികളിലൂടെയും ജനജാഗ്രത സമിതികളിലൂടെയും കൃത്യമായ ബോധവത്ക്കരണം പൊതുജനങ്ങൾക്ക് നൽകുകയും മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലുള്ള മേഖലകളിൽ വാച്ചർമാരെ നിയോഗിക്കുകയും, നിരീക്ഷണം ശക്തമാക്കുകയും കാടിറങ്ങുന്ന വന്യമൃഗങ്ങളെ ഫലപ്രദവും ശാസ്ത്രീയവുമായ രീതിയിൽ തിരികെ വനത്തിലേക്ക് സുരക്ഷിതമായി മടക്കി അയയ്ക്കുകയും ചെയ്തുവരുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. കാട്ടാന ശല്യം രൂക്ഷമായ ദേലംപാടി, കാറഡുക്ക, മുളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തുകളിൽ കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെയും, കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെയും, കൂടാതെ ആയതിനു കീഴിലുള്ള 5 പഞ്ചായത്തുകളുടെയും സാമ്പത്തിക സഹായത്താൽ കാറഡുക്ക ആന പ്രതിരോധ പദ്ധതി (KAPP) എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാനത്തു ആദ്യമായി തയ്യാറാക്കുകയും, കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വനാതിർത്തികളിൽ 29.00 കിലോമീറ്റർ സൗരോർജ്ജ തൂക്ക് വേലി നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കി അംഗീകരിച്ചിരുന്നു. ഇതിൽ 21.8 കിലോമീറ്റർ പ്രവർത്തി 100.05 ലക്ഷം ചെലവഴിച്ച് ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നബാർഡ് NABARD RIDF Tranche XXIX പദ്ധതിയിൽ ഉൾപ്പെടുത്തി 32.5 കിലോമീറ്റർ സോളാർ തൂക്ക് വേലി 2.79 കോടി രൂപ ചിലവിൽ നിർമ്മിക്കുന്നതിനും നബാർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ, പ്രവർത്തനക്ഷമത കുറവുള്ള വിവിധ വൈദ്യുത വേലികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. വന്യമൃഗങ്ങളുടെ നിരീക്ഷണത്തിനും പരിപാലനത്തിനുമായി എ.ഐ. ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വന്യജീവികളെ നിരീക്ഷിക്കുന്നതിനും വിവിധ വനസംരക്ഷണ പ്രവർത്തനങ്ങൾക്കുമായി ഒരു ഡ്രോൺ മെഷിൻ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 11.95 ലക്ഷം രൂപയ്ക്ക് വാങ്ങുകയും ആയതിന്റെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ മനുഷ്യ-വന്യമൃഗ സംഘർഷം സംസ്ഥാന പ്രത്യേക ദുരന്തമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി ജില്ലാ തലത്തിൽ കംപ്യൂട്ടർ, ടെലിവിഷൻ, സ്മാർട്ട് ഫോൺ എന്നിവ ഉപയോഗിച്ച് കൺട്രോൾ റൂം പ്രവർത്തിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ